
CATHOLIC DIOCESE OF MUVATTUPUZHA
"DO WHATEVER HE TELLS YOU"

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ


2025 ഫെബ്രുവരി – മാർച്ച് പുസ്തകം 46, ലക്കം 2





ആർച്ച് ബിഷപ്പ്
തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തായ്ക്ക്
നാമഹേതുക തിരുനാൾ
മംഗളങ്ങൾ....
(മാർച്ച് 18)

അഭിവന്ദ്യ
ഏബ്രഹാം
മാർ ജൂലിയോസ്
മെത്രാപ്പോലീത്തായ്ക്ക്
നാമഹേതുക തിരുനാൾ
മംഗളങ്ങൾ....
(ഏപ്രിൽ 12)



# വിമലനാദം
## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 46 | ലക്കം 2 | 2025 ഫെബ്രുവരി–മാർച്ച്






*Patron:*
**Most Rev. Dr.Yoohanon Mar Theodosius**

*Co- Patron:*
**Rt. Rev. Thomas Njarakkattu Corepiscopo**

*Managing Editor:*
**V. Rev. Dr. Varghese Panthirayithadathil**

*Editor*
**Rev. Fr. Joseph Pannivizha**


**"ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപോലെ ചിറകടിച്ചുയരും. അവർ ഓടിയാൽ ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയുമില്ല. "**
(ഏശയ്യാ 40:33)


## ഉള്ളടക്കം


| | |
|---|---|
| ഇടയമൊഴി | 2 |
| സർക്കുലറുകൾ | 4 |
| ഫ്രാൻസിസ് പാപ്പായുടെ പ്രാർത്ഥനാനിയോഗം | 11 |
| സഭാതല വാർത്തകൾ | 11 |
| ഭദ്രാസന വാർത്തകൾ | 15 |
| കൂരിയ വാർത്തകൾ | 16 |
| മതബോധന വാർത്തകൾ | 16 |
| എം.സി.എ. വാർത്തകൾ | 16 |
| എം.സി.എം.എഫ്. വാർത്തകൾ | 18 |
| എം.സി.വൈ.എം. വാർത്തകൾ | 19 |
| യുവ കുടുംബ പ്രേഷിത ശുശ്രൂഷ | 19 |
| വിൻസെന്റ് ഡി പോൾ | 20 |
| കുടുംബ പ്രേഷിത കാര്യാലയം | 22 |
| ബൈബിൾ അപ്പോസ്തലേറ്റ് | 23 |
| കൺവെൻഷൻ റിപ്പോർട്ട് | 23 |
| സ്മരണീയ ദിനങ്ങൾ | 30 |



*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com

## ഇടയമൊഴി



# ഉയിർപ്പ് നൽകുന്ന പ്രത്യാശ

അനുഗ്രഹീതമായ നോമ്പുകാലത്തിൽ നമ്മുടെ കർത്താവിന്റെ രക്ഷാകരമായ പീഢാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ഉളവായ രക്ഷയെ ധ്യാനിച്ച് നാം മുന്നോട്ട് യാത്ര ചെയ്യുകയാണ്. യേശു തന്റെ ജീവിതത്തിലുടനീളം തന്നെത്തന്നെ പൂർണമായി പിതാവിന് സമർപ്പിച്ചു. ഗത്സമനിയിൽ കഠിന വേദനയുടെ നടുവിൽ എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ എന്ന് അവിടുന്ന് ഏറ്റു പറഞ്ഞു. കുരിശിൽ പൂർണ്ണ ബലിയായി സ്വയം അർപ്പിച്ചു. ഇപ്രകാരമുള്ള ഒരു പൂർണ്ണ സമർപ്പണത്തിലേക്ക് നമ്മെ സഹായിക്കുന്ന കാലമാണ് നോമ്പ്കാലം. ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാളുപരി ആന്തരികമായ ഒരു പരിവർത്തനം നമ്മിലുളവായെങ്കിൽ മാത്രമേ ഉയർപ്പിന്റെ ആനന്ദത്തിലേക്ക് പൂർണ്ണമായി പ്രവേശിക്കാൻ നമുക്കു സാധിക്കൂ.

നോമ്പാകുന്ന ഈ തീർത്ഥാടന യാത്ര പര്യവസാനിക്കുന്നത് ഉത്ഥിതനായ ക്രിസ്തുവിൽ ആണ്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് ഈ ഉത്ഥാനമാണ്. പാപം മൂലം നമുക്ക് നഷ്ടമായ പ്രത്യാശ ക്രിസ്തു തന്റെ ഉത്ഥാനത്തിലൂടെ നമുക്ക് വീണ്ടു നൽകി. ഇനിയും പാപത്തിന് അടിമയായി ജീവിക്കാതെ ദൈവത്തിന്റെ പുത്രനായി, പുത്രിയായി ജീവിക്കാനുള്ള വലിയ അവകാശം അവിടുന്ന് നമുക്ക് നേടിത്തന്നു.

ക്രിസ്തുവിനോടുകൂടി സംസ്കരിക്കപ്പെടുകയും ഉയർപ്പിക്കപ്പെടുകയും ചെയ്ത നാം അവനോടു കൂടെ മഹത്വത്തിൽ കാണപ്പെടുമെന്നുള്ള പ്രത്യാശയിലാണ് ജീവിക്കുന്നത്. ക്ഷണികമായ ഈ ലോകത്തിലെ ജീവിതത്തിനപ്പുറം നിത്യമായ ഒരു ജീവിതമുണ്ടെന്ന പ്രത്യാശ ഉയിർപ്പു നമുക്ക് പ്രദാനം ചെയ്യുന്നു. ഈ ലോകത്തിനുവേണ്ടി

മാത്രം ക്രിസ്തുവിൽ പ്രത്യാശവയ്ക്കുന്ന നിർഭാഗ്യവാൻമാർ ആയിത്തീരാതെ, അപ്പോസ്തലോനായ പൗലോസിനെപ്പോലെ എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണെന്ന് ഉറക്കെ പ്രഖ്യാപിക്കാനുള്ള ആത്മധൈര്യം ഉയിർപ്പ് നമുക്ക് നൽകുന്നു.

കഴിഞ്ഞ ഏതാനം നാളുകളായി നമ്മുടെ സമൂഹത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന ദൗർഭാഗ്യകരമായ കാര്യങ്ങളെ നാം ജാഗ്രതയോടെ നോക്കിക്കാണേണ്ടതുണ്ട്. മൃഗീയമായ റാഗിംഗ്, മനസ്സാക്ഷി മരവിപ്പിക്കുന്ന കൊലപാതങ്ങൾ, രാസലഹരിയുടെ കുത്തൊഴുക്ക് ഇവയൊക്കെ നമ്മുടെ നാടിനെ ഭീതിയുടെ മുനയിൽ നിർത്തുന്നു. മനുഷ്യജീവന് യാതൊരുവിധ വിലയും കല്പിക്കാത്ത ഒരു സാഹചര്യം. നാളെയുടെ വാഗ്ദാനങ്ങളെന്ന് നാം കരുതുന്നവർ ഇന്നിന്റെ ദുഖങ്ങളായി തീരുന്ന അവസ്ഥ. എവിടെയാണ് നമുക്ക് പിഴവ് സംഭവിച്ചതെന്ന് നാം വിലയിരുത്തേണ്ടിയിരിക്കുന്നു. തെറ്റേത് ശരിയേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത ഒരു പരിതസ്ഥിതിയിലേക്ക് നമ്മുടെ തലമുറ എത്തിച്ചേർന്നിരിക്കുന്നു. വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം സമൂഹത്തിന്റെ ഗതിയെ തന്നെ ദോഷമായി ബാധിക്കുന്നു. കുടുംബങ്ങളും, സഭയും, സമൂഹവും അതീവ ജാഗ്രത പുലർത്തേണ്ട സമയം അതിക്രമിച്ചു. നമ്മുടെ ഇടവകകളും പ്രേഷിത സംഘടനകളും വിശിഷ്യാ എം.സി.വൈ.എം. ഈ മാരകമായ വിപത്തിനെതിരെ മുൻനിര പോരാളികളാകണം.

വി. ഫ്രാൻസിസ് അസ്സിസിയെപ്പോലെ വിദ്വേഷമുള്ളിടത്ത് സ്നേഹം വിതയ്ക്കുന്ന സ്നേഹത്തിന്റെ അപ്പസ്തോലരായി മാറാൻ നമുക്കും പ്രാർത്ഥിക്കാം. ഉയിർപ്പുതിരുന്നാളിന്റെ എല്ലാ അനുഗ്രഹങ്ങളും നേരുന്നു!

നിങ്ങളുടെ പിതാവ്,

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത

# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY OF MUVATTUPUZHA

✠Yoohanon Mar Theodosius
Metropolitan of Muvattupuzha

Catholic Bishop's House
Vazhappilly, Mudavoor P.O,
Muvattupuzha - 686 669

**Prot. No. PL 01/2025**

**ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂട്ടായ്മയിലും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായിൽ നിന്നും ഭദ്രാസനത്തിന്റെ അജപാലന പരിധിയിലുള്ള എല്ലാ വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും ത്രിത്വൈക നാമത്തിൽ വാഴ്വ്!**

## വലിയനോമ്പ് - 2025

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ വിശ്വാസികളേ,

''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല.'' 2025 ജൂബിലി വർഷത്തിന്റെ സന്ദേശവാക്യവുമായി നാം അമ്പതു നോമ്പിലേക്ക് പ്രവേശിക്കുകയാണ്. ക്രിസ്തീയ ജീവിതം അടിസ്ഥാനപരമായി ഒരു വിശ്വാസ തീർത്ഥാടനമാണ്. ഈ തീർത്ഥാടന യാത്രയിൽ, വലിയ നോമ്പിന്റെ സ്ഥാനവും സ്വാധീനവും ഏറെ വിലപ്പെട്ടതാണെന്ന് തിരുവചനവും തിരുസഭയും അനുഭവവും നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ പെസഹാ രഹസ്യങ്ങളിലൂടെയുള്ള നോമ്പുകാല യാത്ര പ്രത്യാശയുടെ മഹാസാഗരമായ അവിടുത്തെ ഉയിർപ്പിലേക്കാണ് നമ്മെ നയിക്കുന്നത്. മിശിഹായുടെ രക്ഷാകര പദ്ധതിയുടെ പൂർണ്ണത അവിടുത്തെ ഉത്ഥാനമാണ്. പ്രാർത്ഥന, ഉപവാസം, കാരുണ്യപ്രവർത്തനം ഇവകളിലൂടെ നോമ്പിന്റെ ഈ കാലയളവിൽ നമ്മുടെ കർത്താവിന്റെ രക്ഷാകരമായ ഉയിർപ്പിന്റെ ആനന്ദത്തിലേക്ക് പ്രത്യാശയോടെ നമുക്ക് യാത്ര തുടരാം. പുണ്യപൂർണ്ണവും ഫലദായകവുമായ ഒരു നോമ്പുകാലം ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു!

യേശുമിശിഹായുടെ കുരിശുമരണം, കല്ലറയിലെ വാസം, ഉത്ഥാനം ഇവയുടെ ആത്മീയ ഒരുക്കമായിട്ടാണ് ആദ്യകാലങ്ങളിൽ വലിയ നോമ്പ് ആഘോഷിച്ചിരുന്നത്. നാലാം നൂറ്റാണ്ട്

ആയപ്പോഴേക്കും അത് 40 ദിവസത്തെ നോമ്പ് ആയി രൂപപ്പെട്ടു. മോശയുടെയും, ഏലിയായുടെയും, യേശുവിന്റെയും 40 ദിവസത്തെ ഉപവാസം ഇതിന് പ്രചോദനമായി. നോമ്പിന്റെ തുടക്കത്തിലെ ഞായർ ദിനവും (കൊത്തീനെ ഞായർ) ഇടയ്ക്കുള്ള ഞായറാഴ്ചകളും ഹാശാ ആഴ്ചയും കൂട്ടിച്ചേർത്താണ് 50 നോമ്പ് എന്നറിയപ്പെടുന്നത്. പൗരസ്ത്യ പാരമ്പര്യത്തിൽ ഞായറാഴ്ച നോമ്പ് ദിവസമല്ല. ഉയിർപ്പിന്റെ ഘോഷമായതിനാൽ ഞായറാഴ്ച സന്തോഷത്തിന്റെ ദിനമാണ്. എങ്കിലും, സുറിയാനി സഭകളിൽ, നോമ്പിന്റെ അരൂപി അന്യൂനം തുടരാൻ, ഉപവാസമില്ലാതെ, ഞായറാഴ്ച കൂടെ വലിയനോമ്പിൽ കൂട്ടി ചേർത്തു. ഏഴാം നൂറ്റാണ്ടോടുകൂടിയാണ് നോമ്പും ഉപവാസവും സഭയിൽ നിർബന്ധമായത്.

ആദിമാതാപിതാക്കളും പറുദീസാജീവിതവും അവർക്കുണ്ടായ അപചയവും ആണ് നോമ്പിനും ഉപവാസത്തിനും അടിസ്ഥാനം എന്ന് സുറിയാനി സഭാ പിതാവായ വിശുദ്ധ അപ്രേം സാക്ഷിക്കുന്നു: "ആദം ഏദനിൽ പാപം ചെയ്യുന്നതിന് ഉപയോഗിച്ച അതേ ആയുധം കൊണ്ട് നമ്മുടെ കർത്താവ് പാപത്തെ തോൽപ്പിച്ചു. കനി ഭക്ഷിക്കാനുള്ള ആഗ്രഹത്താൽ ആദം പാപത്തിൽ വീണു. ഭക്ഷണം കൊണ്ട് ആദത്തെ വഴിതെറ്റിച്ച സാത്താനെ, ഭക്ഷണത്തിൽ നിന്ന് അകന്ന്, ഉപവാസം വഴി യേശുമിശിഹാ തോൽപ്പിച്ചു." ചുരുക്കത്തിൽ, പാപത്തിൽനിന്ന് അകലുവാനുള്ള മാർഗമായി നോമ്പും, അതിന്റെ അനുഷ്ഠാനങ്ങളായ പ്രാർത്ഥനയും ഉപവാസവും പരിത്യാഗവും ക്രൈസ്തവ വിശ്വാസ ത്തിന്റെ അഭിവാജ്യഘടകങ്ങളായി മാറി.

ദൈവാനുഭവത്തിന്റെ ഉന്നത തലങ്ങളിലേക്ക് നയിക്കുന്ന ചവിട്ടുപടിയാണ് നോമ്പുകാലത്തെ ഉപവാസം. ഉപവസിച്ചു പ്രാർത്ഥിക്കുമ്പോഴാണ് നോമ്പിന്റെ ചൈതന്യം ഫലദായകമായി നിലനിർത്താൻ കഴിയുക. ഉപവസിച്ചു പ്രാർത്ഥിക്കുന്നതിലൂടെ ദൈവത്തോടുകൂടി ആയിരിക്കുവാനും, നമ്മോടുകൂടെ വസിക്കുന്ന ദൈവത്തെ അനുഭവിച്ചറിയുവാനും സാധിക്കുന്നു. നോമ്പിനെ വിഭൂഷിതയാക്കുന്ന കനകാഭരണമാണ് ഉപവാസം. ഭക്ഷണം ശരീരത്തെ പോഷിപ്പിക്കുന്നു. ഉപവാസം ആത്മാവിനെ പോഷിപ്പി ക്കുന്നു. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്" (മത്തായി 4:4) എന്ന കർത്താവിന്റെ വചസ്സുകൾ ഇവിടെ എത്രയോ അന്വർത്ഥമാണ്.

പഴയനിയമം പ്രാർത്ഥനയ്ക്കും ഉപവാസത്തിനും വലിയ പ്രാധാന്യം കൽപ്പിച്ചിരുന്നു. "യോം കിപ്പൂർ" അഥവാ പാപപരിഹാര ദിനം ഇസ്രായേൽമക്കളെ സംബന്ധിച്ച് ഉപവസിക്കാൻ കടപ്പെട്ട ദിവസമായിരുന്നു (സംഖ്യ 29:3-11). ഇതുകൂടാതെ, ഉപവാസ

ദിനങ്ങളെക്കുറിച്ചും, അതുവഴി ദൈവപ്രീതി സമ്പാദിച്ചവരെക്കുറിച്ചും പഴയ നിയമത്തിൽ ധാരാളം പരാമർശങ്ങളുണ്ട്. മോശ, ദാവീദ്, ഏലിയ, എസ്രാ, യൂദിത്ത്, പൂർവ്വയൗസേപ്പ് ഇവരൊക്കെ പലതവണ ഉപവാസത്തിലൂടെ ശക്തി പ്രാപിച്ചതായി നാം പഴയ നിയമത്തിൽ വായിക്കുന്നു. ദൈവസ്നേഹത്തെ പ്രതി ഉപവസിച്ച പൂർവ്വയൗസേപ്പ്, മോശ എന്നിവർ ഉപവാസം അനുഷ്ഠിച്ചിട്ടും ക്ഷീണിതരായില്ല, അവരുടെ മുഖം പ്രശോഭിതമായിരുന്നുവെന്ന് നാം കാണുന്നു. ചുരുക്കത്തിൽ, നോമ്പുകാലത്ത് ഗൗരവപൂർവ്വം അഭ്യസിക്കേണ്ട ഒരു ആത്മീയ ജീവിതചര്യയാണ് ഉപവാസം. പ്രാർത്ഥനയോടുകൂടി നടത്തുന്ന ഉപവാസത്തെക്കുറിച്ച് യേശു ഇങ്ങനെ പഠിപ്പിക്കുന്നു: അത് ആത്മാക്കളുടെ മേൽ വിജയം വരിക്കാൻ ഉതകുന്ന ശക്തമായ ആയുധമാണ് (മർക്കോസ് 9:29).

ആത്മാക്കളിൽ പ്രത്യാശയുടെ വിത്തു വിതയ്ക്കുന്ന ജാഗ്രതയുള്ള ഒരു ആദ്ധ്യാത്മിക അനുഷ്ഠാനമാണ് നോമ്പ്. ആത്മാവിൽ പറ്റിപ്പിടിച്ചിരിക്കുന്ന കറയും പൊടിയും കഴുകിക്കളഞ്ഞ് ദൈവ സ്നേഹത്തിൽ ജ്വലിക്കുകയാണ് അതിന്റെ ലക്ഷ്യം. അതുകൊണ്ടാണ് നോമ്പുകാലത്തെ അനുതാപത്തിന്റെ കാലമെന്ന് വിശേഷിപ്പിക്കുക. വലിയ നോമ്പിലെ യാമനമസ്കാരത്തിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: “നോമ്പ് നല്ലതാകുന്നു. സ്നേഹം കൂടാതെയും വായ് നിയന്ത്രിക്കാതെയും ഒരുവൻ നോമ്പ് ആചരിക്കുന്നുവെങ്കിൽ അവന്റെ വ്രതം കൊണ്ട് ഒരു പ്രയോജനവുമില്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ട താകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറക് ബലഹീനമായിരിക്കും. അത് അത്യുന്നതനെ കണ്ടെത്തു കയില്ല”(തിങ്കൾ പ്രഭാതം, ബോവൂസൊ). നോമ്പുകാലത്ത് നാം ദൈവത്തിലേക്കും സഹോദരരിലേക്കും എത്തിച്ചേരണമെന്നുള്ളതാണ് ഇതിന്റെ സാരം. അനുഗ്രഹീതമായ ഈ നോമ്പുകാലത്ത് നിരവധിയായ കാരുണ്യ പ്രവർത്തനങ്ങളിലൂടെ നമ്മുടെ സ്നേഹം പ്രകടമാക്കാം. നമ്മുടെ പ്രാർത്ഥനയും ഉപവാസവും സ്നേഹത്തിന്റെ സാക്ഷികളാകുവാൻ നമ്മെ പ്രാപ്തരാക്കണം. ആത്മാവിനെ കഴുകി വെടിപ്പാക്കി ദൈവിക സംസർഗ്ഗത്തിൽ വ്യാപരിക്കുവാൻ ഈ നോമ്പുകാലം നമുക്ക് ഉപയോഗിക്കാം.

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2025 വചന വർഷമായി കൊണ്ടാടുകയാണല്ലോ. ഉപവാസത്തോടെ ദൈവവചനം വായിക്കുവാനും മനനം ചെയ്യുവാനുമുള്ള ഒരു അനുഗ്രഹീത അവസരമാണ് ഈ നോമ്പുകാലം. നമ്മുടെ ഇടവകകളും കുടുംബങ്ങളും തിരുവചനത്താൽ വിശുദ്ധീകരിക്കപ്പെടണം. വ്യക്തിജീവിതങ്ങൾ വചന വായനയാൽ സംശോധന ചെയ്യപ്പെടണം.

വിശുദ്ധ പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകളിൽ "നോമ്പുകാലത്ത് ദൈവവചന പഠനത്തിലൂടെ കർത്താവിലേക്ക് നാം തിരിച്ചു വരികയാണ് ഏറ്റവും പ്രധാനം" ( ഫെബ്രു. 8, 1978, *General Audience*). തിരുവചനത്തിന്റെ അടിസ്ഥാനപരമായ ദർശനം ഉൾക്കൊള്ളുവാൻ ഉപവാസം ഉചിതമായ മാർഗമാണ്. ചുരുക്കത്തിൽ, തിരുവചനത്തിന്റെ പ്രകാശത്തിൽ ദൈവത്തെ നാം തിരിച്ചറിയണം. നാം നമ്മെ തന്നെ തിരിച്ചറിയണം. നാമും ദൈവവുമായുള്ള അകലങ്ങളുടെ വ്യാപ്തിയും അടുപ്പങ്ങളുടെ ആഴവും കണ്ടുപിടിക്കണം. കർത്താവ് രക്ഷകനും നാഥനും ആണെന്നുള്ള തിരിച്ചറിവിലേക്ക് വചന വെളിച്ചം നമ്മെ നയിക്കണം. അങ്ങനെ, അനുഗ്രഹീതമായ ഈ നോമ്പുകാലം നമ്മുടെ വിശ്വാസ തീർത്ഥാടനത്തിന് അനന്യമായ പ്രത്യാശ പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ആയത്, ദൈവമാതാവും നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, ഭാരതത്തിന്റെ അപ്പസ്തോലൻ മാർ തോമാശ്ലീഹായുടെയും, സകല പരിശുദ്ധരുടെയും, ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ!**

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

**✠യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്താ.

മൂവാറ്റുപുഴ അരമന
20.02.2025

N.B: ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

No.: 4089/K-5/KCBC/OL/DS 14.02.2025

# മദ്യ - ലഹരി വിരുദ്ധ ഞായർ - 2025 മാർച്ച് 23

## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ - ലഹരി വിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മാരകമായ രാസ ലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാ താകുന്നു. സ്വന്തം ഭവനത്തിൽ പോലും സ്വന്തപ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹ്യ തിന്മയായി മദ്യ-രാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരി ക്കുന്നു.

തുടർഭരണം നേടി വരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യ വില്പനയും മദ്യ നിർമ്മാണവും. ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചുകൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള

അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നുകൊണ്ടിരിക്കുന്നു. സർക്കാരിന്റെ തന്നെ പദ്ധതിയായ "അമൃതം ആരോഗ്യം" എന്നതിലൂടെ പത്തു ലക്ഷത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ എല്ലാ മുക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ 'കുട്ടിഗുണ്ടാസംഘങ്ങൾ' ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസുകളിൽ മദ്യ-രാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം. കേരളത്തിലേക്ക് തൊഴിൽ തേടി പുറത്തു നിന്നുവരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിന്റെ സാമ്പത്തിക സ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാന ങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായപ്രാർത്ഥനകളും, ബോധവൽക്കരണവും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

"ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു" (YOUCAT- 389). രാസ ലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺപോൾ

രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിന്റെ വ്യാപാരികളാണ്. ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽ നിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഓരോ ക്രൈസ്തവന്റെയും ധർമ്മമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്തുവാനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ അല്മായ പ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ-രാസ ലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരി ക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസ ലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാന പരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കുവാനും, ഈ സാമൂഹ്യവിപത്തിനെതിരെ യുള്ള പോരാട്ടങ്ങൾ ശക്തമാക്കുവാനും ഈ മദ്യ-ലഹരിവിരുദ്ധ ഞായർ ആചരണം സഹായക മാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സിമിതി)

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ)

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി. കൊച്ചി - 682025

N:B: ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.



# ഫ്രാൻസിസ് മാർപാപ്പയുടെ പ്രാർഥനാനിയോഗം

**2025 ഏപ്രിൽ:** പുതുസാങ്കേതികവിദ്യകളുടെ ഉപയോഗത്തിനായി: പുതുസാങ്കേതിക വിദ്യകളുടെ ഉപയോഗം മനുഷ്യബന്ധങ്ങളെ തകർക്കാതിരിക്കുന്നതിനും വ്യക്തികളുടെ അന്തസ്സിനെ മാനിക്കുന്നതിനും കാലിക പ്രതിസന്ധികളെ നേരിടുന്നതിന് നമ്മെ സഹായിക്കുന്നതിനും വേണ്ടി പ്രാർഥിക്കുക.

**മെയ്:** തൊഴിൽ സാഹചര്യങ്ങൾക്കുവേണ്ടി : തൊഴിലിലൂടെ ഓരോ വ്യക്തിയും ആത്മസംതൃപ്തി കണ്ടെത്തുകയും കുടുംബങ്ങൾ അന്തസ്സിൽ നിലനിൽക്കുകയും സമൂഹം മനുഷ്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

# സഭാതല വാർത്തകൾ

### സമാപന സമ്മേളനം നടത്തപ്പെട്ടു

മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയത്തിന്റെയും എക്യുമെനിക്കൽ ട്രസ്റ്റിന്റെയും റൂബി ജൂബിലി വർഷാചരണത്തിന്റെ സമാപന സമ്മേളനം നിലയ്ക്കൽ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് ഫെബ്രുവരി 8 -ന് നടത്തപ്പെട്ടു. നിലയ്ക്കൽ ട്രസ്റ്റ് കമ്മറ്റി പ്രസിഡന്റ് അഭിവന്ദ്യ തെയാഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ച സമ്മേളനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും കെ.സി.ബി.സി. അധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. നിലയ്ക്കൽ ട്രസ്റ്റ് കമ്മറ്റി വൈസ് പ്രസിഡന്റ് അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവ് സുവിശേഷ സന്ദേശം നൽകി. കേരളത്തിലെ ക്രിസ്തീയ സമുദായം നേരിടുന്ന അവഗണനകളും പൊതുസമൂഹം നേരിടുന്ന സാമൂഹിക പ്രശ്നങ്ങളും സംബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പ്രമേയം അവതരിപ്പിച്ചു. ശ്രീ. ആന്റോ ആന്റണി എം.പി., ശ്രീ. കെ.യു.

ജനീഷ്കുമാർ എം.എൽ.എ. എന്നിവർ ആശംസ പ്രസംഗം നടത്തി. ആനിക്കാട് മാർ ഗ്രിഗോറിയോസ് ദയറാ സുപ്പീരിയർ ഫാദർ സേവേറിയോസ് തോമസ്, തുലാപ്പള്ളി മാർത്തോമ്മാശ്ലീഹാ ഇടവക ഗായകസംഘം എന്നിവരുടെ നേതൃത്വത്തിൽ സുറിയാനി സംഗീതം ആലപിച്ചു. ക്രമീകരണങ്ങൾക്ക് നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയ അഡ്മിനിസ്ട്രേറ്റർ ഫാ. ഷൈജു മാത്യു ഒ.ഐ.സി., കൺവീനർ ഫാ. ജോർജ് തേക്കടയിൽ എന്നിവർ നേതൃത്വം നൽകി.

## ഹൂദോത്തോ പതിനൊന്നാം ബാച്ച് നടത്തപ്പെട്ടു

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വൈദികർക്കായി നടത്തപെടുന്ന Ongoing Priestly Formation ഹുദോത്തോയുടെ പതിനൊന്നാം ബാച്ച് ഫെബ്രുവരി 3 മുതൽ 6 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. ക്ലെർജി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് മെത്രാപ്പോലിത്ത മീറ്റിംഗ് ഉത്ഘാടനം ചെയ്യുകയും ഫോർമേഷൻ കമ്മിറ്റി കോർഡിനേറ്റർ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ സന്ദേശം നൽകുകയും ചെയ്തു. ഫെബ്രുവരി 4-ന് കൂരിയ മെത്രാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പയുടെ മുഖ്യകാർമികത്വത്തിൽ കബർ ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ കബർ ചാപ്പലിൽ വൈദികരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. സഭയിലെ 54 വൈദികർ ട്രെയിനിങ്ങിൽ പങ്കെടുത്തു. ഫാ. തോമസ് മടുക്കുംമൂട്ടിൽ, ഫാ. തോമസ് മുകുളുംപുറത്ത് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## സിനഡൽ കമ്മീഷൻ ഫോർ ക്ലെർജിയുടെ മീറ്റിംഗ് നടത്തപ്പെട്ടു.

സിനഡൽ കമ്മീഷൻ ഫോർ ക്ലെർജിയുടെ മീറ്റിംഗ് ഫെബ്രുവരി 3-ന് പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. ക്ലെർജി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച മീറ്റിംഗിൽ കമ്മീഷൻ പ്രവർത്തനങ്ങൾ വിലയിരുത്തി. ക്രമീകരണങ്ങൾക്ക് സിനഡൽ കമ്മീഷൻ ഫോർ ക്ലെർജി സെക്രട്ടറി ഫാ. തോമസ് മുകുളുംപുറത്ത് നേതൃത്വം നൽകി.

## ബാർ ഈത്തോ കാശീറോ പദവി നൽകി

തിരുവല്ല അതിഭദ്രാസനത്തിലെ കല്ലിശ്ശേരി ഇടവകാംഗമായ ഡോ. ഷിബു സക്കറിയക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉത്സാഹ പുത്രൻ, ബാർ ഈത്തോ കാശീറോ പദവി നൽകി ആദരിച്ചു. ഫെബ്രുവരി 5-ന് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് നടന്ന ചടങ്ങിൽ തിരുവല്ല അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് ഡോ. ഷിബു സക്കറിയാക്ക് ബാർ ഈത്തോ കാശീറോ അംഗീകാരം സമർപ്പിച്ചു. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ തോമസ് മാർ യൂസേബിയൂസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, അഭിവന്ദ്യ ഐസക്ക് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത എന്നിവർ സന്നിഹിതനായിരുന്നു.

## പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 29 -മത് സാധാരണ പരിശുദ്ധ സൂന്നഹദോസ് 2025 മാർച്ച് 10 മുതൽ 13 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. സഭയിലെ 16 പിതാക്കന്മാരും പരിശുദ്ധ സൂന്നഹദോസിൽ സംബന്ധിച്ചു. മാർച്ച് 11-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമികത്വത്തിലും സഭയിലെ മറ്റ് പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും വിശുദ്ധ കുർബാന അർപ്പിച്ചു. 12-ാം തിയതി സഭയിലെ വിവിധ സുന്നഹദോസ് കമ്മീഷനുകളുടെ സെക്രട്ടറിമാരുടെ മീറ്റിങ്ങും, 13-ാം തിയതി സഭയിലെ സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിന്റെയും, സുപ്പീരിയർ ജനറൽസിന്റെയും, ബൈബിൾ അപ്പോസ്തോലന്റെ ഡയറക്ടർമാരുടെയും മീറ്റിങ്ങുകൾ സുന്നഹദോസ് പിതാക്കന്മാരോടൊപ്പം നടത്തപ്പെട്ടു. സംസ്ഥാനത്ത് വ്യാപിക്കുന്ന അമിത ലഹരി ഉപയോഗത്തിനെതിരെ സമൂഹ മനഃസാക്ഷി ഒരുമിച്ച് നിന്ന് ഉണർന്ന് പ്രവർത്തിക്കണമെന്ന് സഭ സുന്നഹദോസ് അഭിപ്രായപ്പെട്ടു. മലങ്കര സുറിയാനി കാതോലിക്കാ

സഭയുടെ ശതാബ്ധിക്ക് ഒരുക്കമായുള്ള വചന വർഷാചരണത്തിന്റെ സമാപനവും പുനരൈക്യ വാർഷികവും സെപ്റ്റംബറിൽ പത്തനംതിട്ട ഭദ്രസനത്തിൽ വച്ച് നടത്തപ്പെടുമെന്നും 2025-26 ആരാധനാക്രമ വർഷമായി ആചരിക്കുമെന്നും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അറിയിച്ചു. സഭയുടെ വിദ്യാഭ്യാസ കമ്മീഷന്റെ സെക്രട്ടറിയായി ഡോ. ജോജു ജോൺ, മീഡിയ കമ്മീഷൻ സെക്രട്ടറിയായി ഫാ. സ്കോട്ട് സ്ലീബ, അല്മായ കമ്മീഷൻ സെക്രട്ടറിയായി ഡോ. വർഗീസ് കെ. ചെറിയാൻ എന്നിവരെ തിരഞ്ഞെടുത്തു. മാർച്ച് 13-ന് സഭയുടെ 29-മത് സാധാരണ പരിശുദ്ധ സൂന്നഹദോസ് സമാപിച്ചു.

## സന്ദർശനം നടത്തി

പരിശുദ്ധ സുന്നഹദോസ് പിതാക്കന്മാർ മാർച്ച് 12-ന് തിരുവനന്തപുരം നാലാഞ്ചിറയിൽ സ്ഥിതി ചെയുന്ന സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി സന്ദർശിച്ചു. മേജർ സെമിനാരി റെക്ടർ ഫാ. ഡോ. ജിജി ഫിലിപ്പ് ചരിവുപുരേടത്തിൽ പരിശുദ്ധ സുന്നഹദോസ് മെത്രാന്മാരെ സ്വീകരിച്ചു. ഫാ. ജോസഫ് വള്ളിയാട്ട്, സെമിനാരിയുടെ പ്രതിനിധിയായ ബ്രദർ സ്റ്റാൻലി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സെമിനാരിയിൽ നീണ്ട 30 വർഷം ദൈവശാസ്ത്ര, ബൈബിൾ അധ്യാപകനായ ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിയുടെ പൗരോഹിത്യത്തിന്റെ 50-ാം വർഷം തദവസരത്തിൽ ആഘോഷിച്ചു. തുടർന്ന് അച്ചന്റെ 21-ാം പുസ്തകമായ "The Fourth Gospel" എന്ന പുസ്തകവും, ഫാ. ഡോ. ജോളി കരിമ്പിൽ, ഫാ. ജോസഫ് പൂവത്തുംതറയിൽ എന്നിവർ ചേർന്ന് എഡിറ്റ് ചെയ്ത ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിയുടെ അനുഭവക്കുറിപ്പും സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയും, മാവേലിക്കര ഭദ്രസനാധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തയും ചേർന്ന് പ്രകാശനം ചെയ്തു.

## നിയമിതനായി

തിരുവല്ല അതിഭദ്രാസനത്തിലെ കോട്ടയം സെന്റ് എഫ്രേം എക്യൂമിനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി തിരുവല്ല അതിഭദ്രാസന അംഗമായ ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ നിയമിതനായി.

# ഭദ്രാസന വാർത്തകൾ

## വൈദിക പട്ടം

മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി ഡീ. പൗലോസ് പരിയാരത്ത് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിൽ നിന്ന് 2025 ഫെബ്രുവരി 21–ാം തീയതി മാതൃ ഇടവകയായ മാന്നാമംഗലം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ വെച്ച് കശീശോ പട്ടം സ്വീകരിച്ചു. തുടർന്ന് ഫെബ്രുവരി 22–ന് പ്രഥമ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

## ബൈബിൾ കൺവെൻഷൻ

ആറാമത് മൂവാറ്റുപുഴ ബൈബിൾ കൺവെൻഷൻ 2025 ഫെബ്രുവരി 14, 15, 16 തീയതികളിൽ മൂവാറ്റുപുഴ ബിഷപ്പ് ഹൗസിനോട് ചേർന്നുള്ള മാർ ഈവാനിയോസ് നഗറിൽ വച്ച് നടത്തപ്പെട്ടു. തിരുവനന്തപുരം മൗണ്ട് കാർമൽ റിട്രീറ്റ് സെന്റർ ഡയറക്ടർ ബഹുമാനപ്പെട്ട ഡാനിയേൽ പൂവ്വണ്ണത്തിൽ അച്ചനാണ് കൺവെൻഷൻ നയിച്ചത്. ഫെബ്രുവരി 14–ാം തീയതി കോതമംഗലം രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തികണ്ടത്തിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. പതിനഞ്ചാം തീയതി കോട്ടപ്പുറം രൂപതാ അധ്യക്ഷൻ അഭിവന്ദ്യ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പിതാവും, പതിനാറാം തീയതി മൂവാറ്റുപുഴ രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവും വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. കൺവെൻഷൻ രൂപതയ്ക്കും ദൈവജനത്തിനും വലിയ ആത്മീയ ഉണർവ് പ്രദാനം ചെയ്തു.

## വൈദിക മന്ദിര കൂദാശ

കോയമ്പത്തൂരിൽ പുതിയതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ കൂദാശ 2025 ഫെബ്രുവരി 18–ാം തീയതി അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് നിർവഹിച്ചു. ഇടവക വികാരി ബഹു.ജോസഫ് പുല്ലുകാലായിലച്ചന് അഭിനന്ദനങ്ങൾ!

## മോൺ. ഡി. സെൽവരാജിന്റെ സന്ദർശനം

2025 ഫെബ്രുവരി 27–ന് നെയ്യാറ്റിൻകര രൂപതയുടെ നിയുക്ത സഹമെത്രാൻ മോൺ .ഡി. സെൽവരാജ് അഭിവന്ദ്യ പിതാവിനെ അരമനയിൽ സന്ദർശിച്ചു. മാർച്ച് 25–ന് നെയ്യാറ്റിൻ കരയിൽ വച്ച് നടത്തപ്പെടുന്ന മെത്രാഭിഷേക കർമ്മത്തിലേക്ക് എല്ലാവരേയും നിയുക്ത മെത്രാൻ ക്ഷണിച്ചു.

## ശുബ്ക്കോനൊ ശുശ്രൂഷ

2025 മാർച്ച് മൂന്നാം തീയതി മൂവാറ്റുപുഴ സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ പിതാവ് ശുബ്ക്കോനൊ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

### സന്ദർശനം

ഇസ്രായേലിന്റെ ടൂറിസം മന്ത്രാലയ പ്രതിനിധിയായ അമൃത ബംഗേരെയും സഹകാരികളും ആയി അഭിവന്ദ്യ പിതാവിനെ അരമനയിൽ സന്ദർശിച്ചു ചർച്ചകൾ നടത്തി.

### മിഷൻ വിസിറ്റ്

സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ത്രിപുര മിഷൻ സന്ദർശിക്കുന്നതിനായി മൂവാറ്റുപുഴ രൂപതാംഗങ്ങളായ ശ്രീമതി അന്നമ്മ ബേബി, ശ്രീ. എഡിസൺ, ശ്രീമതി ക്രിസ്റ്റീന എന്നിവർ ത്രിപുര മിഷനിലേക്ക് യാത്ര പുറപ്പെട്ടു.

# കൂരിയ വാർത്തകൾ

### Relieving & Appointment with effect from 15 March 2025

**Rev. Fr. Jose Kuttikeril** - Relieved of his charges asVicar, Deva Matha Church, Pothanicad and Chaplain, Bethany Shalom Bhavan, Pothanicad.

**Rev. Fr. John Makkappally** -Appointed as Vicar, Deva Matha Church, Pothanicad & Chaplain, Bethany Shalom Bhavan, Pothanicad.

**Rev.Fr. Poulose Pariyarathu** - Vengola (Temporary)

# മതബോധന വാർത്തകൾ

### സ്കോളർഷിപ്പ് പരീക്ഷ

2024–2025 അദ്ധ്യായന വർഷത്തിലെ സ്കോളർഷിപ്പ് പരീക്ഷ 2025 ഫെബ്രുവരി 9, ഞായറാഴ്ച 1.30 PM മുതൽ 4.30 PM വരെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെട്ടു.

# എം.സി.എ. വാർത്തകൾ

### വാർഷിക അസംബ്ലിയും തെരഞ്ഞെടുപ്പും

2024 ഡിസംബർ 29 ഞായറാഴ്ച 2 മണിക്ക് സെന്റ് ജോസഫ് കത്തീഡ്രൽ പള്ളിയിൽവെച്ച് രൂപതാ വാർഷിക അസംബ്ലിയും തെരഞ്ഞെടുപ്പും നടന്നു. മൂവാറ്റുപുഴ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ യുഹാനോൻ മാർ തെയാഡോഷ്യസ് പിതാവ് പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുപ്പിൽ 2025–26 വർഷത്തേക്കുള്ള പുതിയ MCA രൂപത കമ്മിറ്റി തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡണ്ട് | – എൻ.ടി. ജേക്കബ് |
| വൈസ് പ്രസിഡണ്ടുമാർ | – സജീവ് ജോർജ്, |

# ആറാമത് മൂവാറ്റുപുഴ ബൈബിൾ കൺവെൻഷൻ
## (2025 ഫെബ്രുവരി 14,15,16)







കോയമ്പത്തൂർ മിഷനിൽ (മളുമച്ചാൻപെട്ടി) പുതുതായി
നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ കൂദാശ അഭി. പിതാവ് നിർവഹിച്ചപ്പോൾ (18 – 02 – 2025)



എം. സി. എ. യുടെ ഭദ്രാസന – മേഖല തല ഭാരവാഹികൾ അഭി. പിതാവിനോടൊപ്പം



നെയ്യാറ്റിൻകര രൂപതയുടെ
സഹമെത്രാൻ മോൺ. ഡി. സെൽവരാജ്
അഭി. പിതാവിനെ അരമനയിൽ
സന്ദർശിച്ചപ്പോൾ
(27 – 03 – 2025)








എം.സി.എ.യുടെ നേതൃത്വത്തിൽ വന്യമൃഗ ആക്രമണത്തിനെതിരെ വാളറയിൽ സംഘടിപ്പിച്ച പ്രതിഷേധ സദസ്സും, റാലിയും അഭി.പിതാവ് ഉദ്ഘാടനം ചെയ്തത് സംസാരിക്കുന്നു.
(09 – 03 – 2025)



എം.സി.എം.എഫ് – ന്റെ കർമ്മപദ്ധതി ഉദ്ഘാടനവും വനിതാസംഗമവും മൂവാറ്റുപുഴ സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടപ്പോൾ.



യുവകുടുംബങ്ങളുടെ പീച്ചി മേഖല സംഗമം "ഇണയും തുണയും" 09–03–2025–ൽ
ചുവന്നമണ്ണ് പള്ളിയിൽ വച്ച് നടത്തപ്പെട്ടപ്പോൾ.



വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെൻട്രൽ കൗൺസിൽ
അഭി. പിതാവ് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. (15–03–2025)




ഇസ്രായേലിന്റെ ടൂറിസം മന്ത്രാലയ പ്രതിനിധിയുടെ അമൃത ബൽഗേയും, സഹകാരികളും
അഭി. പിതാവിനെ അരമനയിൽ സന്ദർശിച്ചപ്പോൾ (2025 മാർച്ച്, 24)

| | |
|---|---|
| | - ശ്രീമതി എൽസി ജോയ് |
| ജനറൽ സെക്രട്ടറി | - സുഭാഷ് വെട്ടിക്കാട്ടിൽ |
| സെക്രട്ടറി | - എബീഷ് കൂരാപ്പള്ളിൽ |
| ട്രഷറർ | - ഷിബു സി.ബി. എക്സിക്യൂട്ടീവ് |
| അംഗങ്ങൾ | - ഫിലിപ്പ്കടവിൽ, ഷിബു പനച്ചിക്കൽ, ശ്രീമതി മേരി ടവേഴ്സ്. |

സഭാതല എക്സിക്യൂട്ടീവ് അംഗങ്ങൾ - ശ്രീ വി.സി ജോർജുകുട്ടി, ശ്രീമതി മേരി കുര്യൻ, അഡ്വക്കേറ്റ് എൽദോ പൂക്കുന്നേൽ എന്നിവരെ തിരഞ്ഞെടുത്തു.

## വിഴിഞ്ഞം ജനതയ്ക്ക് ഐക്യദാർഢ്യം

നീതി നിഷേധിക്കപ്പെട്ട മുനമ്പം ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് MCA രൂപത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 24-ന് രാവിലെ 11 മണിക്ക് മുനമ്പത്ത് സമരം ചെയ്തു.

രൂപത വൈദിക ഉപദേഷ്ടാവ് ഫാ. ജോർജ് മാങ്കുളം, രൂപത പ്രസിഡണ്ട് എൻ.ടി. ജേക്കബ്, വി.സി. ജോർജുകുട്ടി, എബീഷ് കൂരാപ്പിള്ളി, ഷിബു പനച്ചിക്കൽ, ടി.ഡി. ജോർജുകുട്ടി, മേരി കുര്യൻ എന്നിവർ പങ്കെടുത്തു.

## വന്യമൃഗ ആക്രമണത്തിനെതിരെ വാളറയിൽ പ്രതിഷേധ സദസ്സും പ്രതിഷേധ റാലിയും

2025 മാർച്ച് 9 ഞായറാഴ്ച രാവിലെ 9 മണിക്ക് ഇരുമ്പുപാലം സെന്റ് ആന്റണീസ് ദൈവാലയത്തിൽ നിന്നും പ്രതിഷേധ റാലി ആരംഭിച്ചു. ഇരുമ്പുപാലം ജംഗ്ഷനിൽ പ്രതിഷേധ സദസ്സ് നടത്തി. പ്രതിഷേധറാലിയും പ്രതിഷേധ സദസ്സും മൂവാറ്റുപുഴ രൂപത അദ്ധ്യക്ഷനും KCBC ജാഗ്രത കമ്മീഷൻ ചെയർമാനുമായ മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് ഉദ്ഘാടനം ചെയ്തു. വന്ദ്യ വികാരി ജനറാൾ തോമസ് ഞാറക്കാട്ട് പ്രസംഗിച്ചു. രൂപത പ്രസിഡന്റ് ജേക്കബ് ഞാറക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ആമുഖ പ്രഭാഷണം ഫാദർ ജോർജ് മാങ്കുളം, സ്വാഗത പ്രസംഗം ജനറൽ സെക്രട്ടറി സുഭാഷ് വെട്ടിക്കാട്ടിൽ, മുഖ്യപ്രഭാഷണം ഫാദർ തോമസ് തൂമ്പുങ്കൽ നിർവഹിച്ചു. ഫാദർ ആന്റണി വേങ്ങനിൽക്കുന്നതിൽ, അഡ്വ. എൽദോ പൂക്കുന്നേൽ, വി.സി ജോർജുകുട്ടി, അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സൗമ്യ അനിൽ, ശ്രീമതി ദീപ രാജീവ്, ഷാബു ജോസഫ് പുലകുടിയിൽ, എൽദോസ് മത്തായി പുളിഞ്ചോട്ടിൽ, റൈജു തോമസ് എന്നിവർ പ്രസംഗിച്ചു. 500-ൽ കൂടുതൽ ആളുകൾ പങ്കെടുത്തു.

# എം.സി.എം.എഫ്. വാർത്തകൾ

## വനിതാ സംഗമവും, കർമ്മപദ്ധതി ഉദ്ഘാടനവും

മൂവാറ്റുപുഴ ഭദ്രാസന മദേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വനിതാ സംഗമവും പുതിയ വർഷത്തിലെ കർമ്മപരിപാടി "ഉണർവ്വ് 2025" ഉദ്ഘാടനവും നടത്തപ്പെട്ടു. മുവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന സമ്മേളനത്തിൽ വൈസ് പ്രസിഡന്റ് ശ്രീമതി ബിൻസി ഷിന്റോ അധ്യക്ഷത വഹിച്ചു. സമ്മേളനം ഉദ്ഘാടനം ചെയ്ത മൂവാറ്റുപുഴ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത, വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് ആഹ്വാനം ചെയ്തു. ലഹരിക്കെതിരെ ജാഗ്രതയുള്ളവർ ആയിരിക്കണ മെന്നും എല്ലാ അമ്മമാരും കുടുംബത്തിന്റെ കാര്യങ്ങളിൽ ശ്രദ്ധാലുക്കൾ ആയിരിക്കണമെന്നും മൂല്യങ്ങളിൽ അധിഷ്ഠിതമായി വചനത്തിന് മുൻതൂക്കം കൊടുക്കണമെന്നും അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു. "സഭയുടെയും സമൂഹത്തിന്റെയും മുന്നേറ്റത്തിൽ സ്ത്രീകളുടെ പങ്ക്" എന്ന വിഷയത്തെ ആസ്പദമാക്കി KLM സംസ്ഥാന സെക്രട്ടറി ഫാ. അരുൺ വലിയതാഴത്ത് ക്ലാസ്സ് നയിച്ചു. യേശുവിന്റെ മുഖത്തേക്ക് നോക്കി എല്ലാ അമ്മമാരും വിശ്വാസ ജീവിതം നയിക്കണമെന്നും, യേശു കാണിച്ചുതന്ന വഴിയിലൂടെ ചരിച്ചുകൊണ്ട്, ഇതാണ് വഴി ഇതിലെ വരിക എന്ന് പറയാൻ നമുക്ക് കഴിയണം എന്നും ബഹു. അച്ചൻ ആഹ്വാനം ചെയ്തു. സഭാതല ഡയറക്ടർ ഫാ. സജി അറയ്ക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സമ്മേളനത്തിന് ആശംസകൾ അറിയിച്ചുകൊണ്ട് ഫാദർ കുര്യാക്കോസ് നെല്ലാട്ട് സംസാരിച്ചു. ഫാദർ ഗീവർഗീസ് മേലെപീടികയിൽ, ഫാദർ ജോസഫ് താഴത്തേൽ, ഫാദർ കുര്യാക്കോസ് കുടിലിൽ, ആനിമേറ്റർ സിസ്റ്റർ ലിറ്റിൽ ഫ്ളവർ SIC, സി. വന്ദന SIC എന്നിവർ സന്നിഹിതരായിരുന്നു. ഭദ്രാസന MCMF ഭാരവാഹികൾ സമ്മേളനത്തിന് നേതൃത്വം നൽകി.

# എം.സി.വൈ.എം. വാർത്തകൾ

### സ്പെഷ്യൽ ഓൺലൈൻ സെനറ്റ്

ഭദ്രാസന സമിതിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മുന്നോട്ടുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനും വേണ്ടി ഓൺലൈൻ ആയി 29/1/2025-ന് സ്പെഷ്യൽ സെനറ്റ് കൂടി. എല്ലാ മേഖലകളിൽ നിന്നും 30 പ്രതിനിധികൾ പങ്കെടുത്തു.

### ഗ്ലോബൽ സെനറ്റ്

രൂപത സമിതികളുടെ വാർഷിക വിലയിരുത്തലിനും, ചർച്ചക്കും സഭാതല സമിതി ജനുവരി 30, ഫെബ്രുവരി 1-ാം തീയതികളിൽ, തിരുവനന്തപുരം മേജർ അതിഭദ്രാസനം ആതിഥേയത്വത്തിൽ ഗ്ലോബൽ സെനറ്റിൽ ഭദ്രാസന സമിതി പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

### KCYM വാർഷിക സെനറ്റ്

രൂപത സമിതികളുടെ വാർഷികവിലയിരുത്തലിനും ചർച്ചക്കും പുതിയ ഭരണ സമിതിയുടെ തിരഞ്ഞെടുപ്പിനും ഫെബ്രുവരി 7,8 തീയതികളിലായി സംസ്ഥാന സമിതി വിളിച്ചു ചേർത്ത, പാലക്കാട് രൂപതയിൽ വെച്ച് നടന്ന, വാർഷിക സെനറ്റിൽ ഭദ്രാസന സമിതി പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

# യുവ കുടുംബ പ്രേഷിത ശുശ്രൂഷ

മുവാറ്റുപുഴ ഭദ്രാസനത്തിന്റെ യുവ ദമ്പതി അനുധാവന ശുശ്രൂഷയുടെ (Apostolate of Accompanying Young Families -AAYF) പീച്ചി മേഖല സംഗമം 'ഇണയും തുണയയും' മാർച്ച് മാസം 9, ഞായറാഴ്ച ചുവന്നമണ്ണ് സെന്റ് തോമസ് മലങ്കര കത്തോലിക്ക പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. പീച്ചി മേഖല ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ.വിൽസൺ വേലിക്കകത്ത് സ്വാഗതപ്രസംഗം നടത്തി. മേഖല വികാരി ഫാ.ജോണി ചെരിക്കായത്ത് അച്ചൻ അധ്യക്ഷൻ ആയിരുന്നു. ഇടവക വികാരി ഫാ.ഗീവർഗീസ് മേലേപീടികയിൽ സന്നിഹിത

നായിരുന്നു. ഭദ്രാസന ഡയറക്ടർ ഫാ. സജി അറയ്ക്കൽ ക്ലാസ്സ് നയിക്കുകയും കൂടിവരവിന്റെ ലക്ഷ്യം അറിയിക്കുകയും ചെയ്തു. 32 യുവദമ്പതികൾ വിവിധ ഇടവകകളിൽ നിന്നും പങ്കെടുത്തു. ഈ കാലഘട്ടത്തിൽ ദാമ്പത്യജീവിതം നേരിടുന്ന വെല്ലുവിളികളെ ഏതൊക്കെ തരത്തിൽ തരണം ചെയ്യാമെന്നും ആധുനിക ലോകത്ത് കുടുംബബന്ധങ്ങൾ എങ്ങനെ ഊഷ്മളമായി നയിക്കാമെന്നും ബഹു. അച്ചൻ പങ്കുവെച്ചു. ഇത്തരം കൂട്ടായ്മകളും ക്ലാസ്സുകളും കുടുംബജീവിതത്തിൽ പ്രത്യേകിച്ച്, യുവാക്കൾക്കിടയിൽ വലിയ മാറ്റങ്ങൾകൊണ്ട് വരാൻ സാധിക്കുമെന്നും പ്രാർത്ഥനയിൽ അധിഷ്ഠിതമായ, കർത്താവിനെ കൂടെ നിർത്തിയുള്ള കുടുംബ ജീവിതം, അതാണ് വരും തലമുറക്കും അനുഗ്രഹമെന്നുമുള്ള ആശയങ്ങൾ കൂടിവരവിന്റെ അവസാനം പങ്കെടുത്തവർ അഭിപ്രായ പ്പെട്ടു. ഇതുവരെ കുന്നംകുളം, മുവാറ്റുപുഴ, പിറവം, പീച്ചി മേഖലകളിൽ AAYF പരിശീലന ക്ലാസ്സുകൾ പൂർത്തിയായി.

# വിൻസെന്റ് ഡി പോൾ വാർത്തകൾ

### സെൻട്രൽ കൗൺസിൽ, മൂവാറ്റുപുഴ (15-03-2025)

നിലവിൽ പ്രസിഡൻറായിരുന്ന ബ്രദർ വർഗീസ് കുരുവിളയുടെ കാലാവധി 2024 ഡിസംബർ 25-ാം തിയതി അവസാനിച്ചതിനെ തുടർന്ന് പുതിയ പ്രസിഡൻറായി ബ്രദർ സണ്ണി കുന്നത്തോളിൽ തെരെഞ്ഞെടുക്കപ്പെട്ടു. ഉപരി കൗൺസിലായ നാഷണൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 2025 ഫെബ്രുവരി മാസം 16-ാം തീയതി ഞായറാഴ്ച സത്യപ്രതിജ്ഞ സമ്മേളനം നടന്നു. യോഗത്തിൽ മുൻ പ്രസിഡൻറ് ബ്രദർ വർഗീസ് കുരുവിള അദ്ധ്യക്ഷനായി. അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത തിരുമനസിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ ഇന്റർ നാഷണൽ ടെറിട്ടോറിയൽ വൈസ് പ്രസിഡൻറായിരുന്ന പ്രൊഫസർ ഡോ.ജോൺസൺ വർഗീസ് സത്യവാചകം ചൊല്ലിക്കൊടുത്ത് മൂവാറ്റുപുഴ സെൻട്രൽ കൗൺസിലിന്റെ പ്രസിഡന്റായി ബ്രദർ സണ്ണി കുന്നത്തോളിൽ ശുശ്രൂഷ ഏറ്റെടുത്തു. സമ്മേളനത്തിൽ രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ ഫാ. തോമസ് ഞാറക്കാട്ട് കോർ എപ്പിസ്കോപ്പ അനുമോദിച്ച് പ്രസംഗിച്ചു. രൂപതാ ആത്മീയോപ

ദേഷ്ടാവ് വെരി റവ. ഫാ. ജോവാക്കിം പണ്ടാരംകുടിയിൽ വിൻസെൻഷ്യൻ സന്ദേശം നൽകി. രൂപതാ ചാൻസലർ വെരി റവ. ഫാ. ഡോ. അനൂപ് പന്തിരായിത്തടത്തിൽ, മുൻ നാഷണൽ വൈസ് പ്രസിഡന്റ് ബ്രദർ ജോസഫ് പി ഐ, മുൻ സി.സി.പ്രസിഡന്റ് ബ്ര. ഫിലിപ്പ് ഇരട്ടയാനിക്കൽ എന്നിവർ ആശംസകളർപ്പിച്ചു. സി. അൽഫോൻസ ചാക്കോ, ബ്ര. ബെന്നി എ.പി, ബ്ര. സുഭാഷ് മാത്യു, ബ്ര. ഫിലിപ്പ് കുര്യാക്കോസ്, സി.ഷിജ ബിജോഷ് എന്നിവർ പ്രസംഗിച്ചു.

സെൻട്രൽ കൗൺസിൽ കമ്മിറ്റി മെമ്പർമാരായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു:

1. വെരി റവ. ഫാ. ജോവാക്കിം പണ്ടാരംകുടിയിൽ (ആത്മീയോപദേഷ്ടാവ്)
2. സണ്ണി കുന്നത്തോളിൽ, കുന്നക്കുരുടി, പ്രസിഡന്റ്
3. വർഗീസ് കുരുവിള, കുന്നംകുളം, വൈസ് പ്രസിഡന്റ്
4. ഫിലിപ്പ് കുര്യാക്കോസ്, ആലുവ, സെക്രട്ടറി
5. ബെന്നി എ. പി, ചുവന്നമണ്ണ്, ജോയിന്റ് സെക്രട്ടറി
6. തോമസ് എം. എ, കളമശ്ശേരി, ട്രഷറാർ
7. സെബാസ്റ്റ്യൻ കെ പി, ചേലക്കര, എഡ്യൂക്കേഷൻ ഓഫീസർ
8. മത്തായി പി .ഇ, ചിറയ്ക്കൽപ്പടി, ടിന്നിംഗ് ഓഫീസർ
9. ഷാജി കെ ജേക്കബ്, പാമ്പാക്കുട, പ്രോജക്ട് ഓഫീസർ
10. രാജു ഇ വി, വെളിയനാട്, എക്സ്റ്റെൻഷൻ ഓഫീസർ
11. ഷിജ ബിജോഷ്, വെങ്ങോല, വനിത പ്രതിനിധി
12. എബിൻ എൽദോസ്, കൊണ്ടാഴി, യുവജന പ്രതിനിധി

# കുടുംബവിളക്ക്



Patron
H.B. Moran Mor Baselios Cardinal Cleemis Major Archbishop-Catholicos

മലങ്കര സുറിയാനി കത്തോലിക്കാ സഭ
സിനഡൽ കമ്മീഷൻ ഫോർ ഫാമിലി

## കുടുംബവിളക്ക്

ഫെബ്രുവരി 2025 ലക്കം – 2

## മുഖമൊഴി

കർത്താവിൽ പ്രിയ ദൈവമക്കളെ,

ജീവൻ ദൈവത്തിന്റെ ദാനമാണ്. അതിന്റെ സംരക്ഷകരാവുകയാണ് നമ്മുടെ ദൗത്യം. ജീവന്റെ മേലുള്ള തിന്മകരമായ ഏത് കടന്നുകയറ്റവും അംഗീകരിക്കാനാവില്ല. അത് ആത്യന്തികമായി സ്രഷ്ടാവിനെതിരെയുള്ള വെല്ലുവിളിയാണ്. കൃപ നിറഞ്ഞ കുടുംബങ്ങളിൽ ജീവൻ അതിന്റെ നിറവിൽ സംരക്ഷിക്കപ്പെടും.

അനുഗ്രഹാശിസ്സുകളോടെ നിങ്ങളുടെ പിതാവ്,
മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ്
മേജർ ആർച്ച് ബിഷപ്പ് കാതോലിക്കാ ബാവാ

## അനുഗ്രഹ മൊഴി

യൂഹാനോൻ മാർ തെയഡോഷ്യസ്
ഫാമിലി കമ്മീഷൻ ചെയർമാൻ



ജീവന്റെ സമഗ്ര പോഷണമാണ് പ്രോലൈഫിന്റെ ആത്യന്തിക ലക്ഷ്യം. ജീവനെതിരെയുള്ള ഏതെങ്കിലും ഒരു തിന്മയ്ക്കെതിരെ മാത്രമുള്ള പോരാട്ടമല്ല ഇത് മറിച്ച്, 'ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകാനുമായി' (യോഹ 10:10) ഭൂമിയിൽ അവതരിച്ച നാഥന്റെ പാതയിൽ ചേർന്നു നടക്കുന്നതാണ് പ്രോലൈഫ് സംസ്കാരം. ഭ്രൂണഹത്യ നിയമമായ MTP ആക്ട് പോലെയുള്ള നിയമങ്ങൾക്ക് സ്വാധീനമുള്ള നമ്മുടെ രാജ്യത്ത് നാമല്ലാതെ മറ്റാരാണ് ജീവന്റെ സംരക്ഷകരാകുക?

ജീവന് അനുകൂലമായ മനോഭാവങ്ങൾ സഭക്കകത്തും പുറത്തും രൂപപ്പെടുവാൻ നമുക്ക് ഒരുമിച്ച് നീങ്ങാം, പ്രാർത്ഥിക്കാം.

## ജീവന്റെ സംരക്ഷണം കുടുംബങ്ങളിൽ

ജീവൻ ദൈവത്തിന്റെ ദാനമാണ്.

ഓരോ മനുഷ്യരിലും കുടികൊള്ളുന്നത് ദൈവത്തിന്റെ ജീവൻ തന്നെയാണ്. 'പ്രോ ലൈഫ്' എന്നാൽ 'ജീവനുവേണ്ടി' എന്നതാണ് അർത്ഥം. 'ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്.' (യോഹന്നാൻ 10:10) ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും രൂപപ്പെട്ട മനുഷ്യനെ വളർത്തുവാനും സംരക്ഷിക്കുവാനും നമുക്ക് കടമയുണ്ട്. പോൾ ആറാമൻ മാർപാപ്പയുടെ 'മനുഷ്യജീവൻ', ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 'ജീവന്റെ സുവിശേഷം' എന്നീ ചാക്രിക ലേഖനങ്ങൾ, ജീവൻ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപറ്റി നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

കുഞ്ഞുങ്ങൾ വേണ്ട എന്ന് തീരുമാനിക്കുന്ന ദമ്പതികൾ ഇന്ന് കൂടി വരുന്നതു മൂലം ഇടവകകളിൽ കുഞ്ഞുങ്ങൾ കുറയുന്നു എന്നത് ഒരു യാഥാർഥ്യമാണ്. 'വിവാഹം കഴിച്ച് സന്താനങ്ങൾക്കു ജൻമം നൽകുവിൻ. നിങ്ങളുടെ പുത്രീപുത്രൻമാരെയും വിവാഹം കഴിപ്പിക്കുവിൻ; അവർക്കും മക്കളുണ്ടാകട്ടെ. നിങ്ങൾ പെരുകണം; നിങ്ങളുടെ സംഖ്യ കുറഞ്ഞു പോകരുത്.' (ജെറമിയ 29 :6). ഈ ബോധ്യം നമുക്കുണ്ടാകണം. 'കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും.' (സങ്കീർത്തനം 127:3)

കുഞ്ഞുങ്ങളിലൂടെ ദൈവം തരുന്ന സമ്മാനങ്ങളും ദാനങ്ങളും നാം സ്വീകരിച്ചാൽ മാത്രമേ കുടുംബങ്ങൾ നിലനിൽക്കുകയുള്ളു. 'സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ.' (ഉല്പത്തി 1: 28)

ഈ അനുഗ്രഹത്തിലാണ് കുടുംബങ്ങളുടെ നിലനിൽപ്പ്. ജീവന്റെ സംരക്ഷണത്തെക്കുറിച്ച് നാം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം. നവദമ്പതികളെ ഇതിനായി ഒരുക്കുകയും ദൈവിക അനുഗ്രഹങ്ങൾ വർഷിക്കപ്പെടാൻ കുടുംബങ്ങളുടെ വളർച്ച അനിവാര്യമാണെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യണം. അങ്ങനെ, നമ്മുടെ കുടുംബങ്ങൾ അനുഗ്രഹീതമായി തീരട്ടെ എന്ന് പ്രാർത്ഥിക്കാം.



ഫാ. ആന്റണി പ്ലാംപറമ്പിൽ

മാർപാപ്പയുടെ പ്രാർത്ഥനാ നിയോഗം:

ഫെബ്രുവരി: പുരോഹിത സന്യസ്ത ജീവിതങ്ങളിലേക്കുള്ള ദൈവവിളികൾക്കുവേണ്ടി. പുരോഹിത, സന്യാസജീവിതങ്ങളിലൂടെ ക്രിസ്തുവിന്റെ ദൗത്യത്തെ സേവിക്കാൻ വിളിക്കപ്പെട്ടതായി അനുഭവപ്പെടുന്ന യുവജനങ്ങളുടെ ആഗ്രഹങ്ങളെയും സന്ദേഹങ്ങളെയും സ്വാഗതം ചെയ്യാൻ സമൂഹത്തിനു കഴിയുന്നതിനുവേണ്ടി പ്രാർഥിക്കുക.

ദയവായി കുഞ്ഞുങ്ങളെ നശിപ്പിക്കരുത്. അവരിൽ **യേശു ജീവിക്കുന്നു.** നിങ്ങൾക്ക് കുഞ്ഞുങ്ങളെ വേണ്ടെങ്കിൽ എനിക്ക് തരൂ. നിങ്ങൾക്കുവേണ്ടി ഞാനവരെ സംരക്ഷിക്കാം.
–വി. മദർ തെരേസ



Editorial Board

Patrons
H.B. Moran Mor Baselios Cardinal Cleemis Major Archbishop-Catholicos
H. E Yoohanon Mar Theodosius (Chairman, Family Commission)

Editors
Rev. Fr. Mathew Arackal (Saji) (Secretary, Family Commission)
Mr. C. O Varghese Mezhuvelil (Member, Family Commission)

# ബൈബിൾ അപ്പോസ്തലേറ്റ്

### ബൈബിൾ പകർത്തിയെഴുത്ത്

ബൈബിൾ പകർത്തിയെഴുത്ത് മത്സരം: വചനവർഷത്തോടനുബന്ധിച്ച് രൂപതയിൽ 100 ബൈബിൾ പകർത്തി എഴുതി കൊണ്ടിരിക്കുന്നു.

KCBC Bible Commission സംഘടിപ്പിച്ച ബൈബിൾ എഴുത്തു മത്സരത്തിൽ 30 പേർ പങ്കെടുത്തു. ഗ്രൂപ്പ് വിഭാഗത്തിൽ എറണാകുളം ഇടവകയിലെ സണ്ടേസ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വ്യക്തിഗത വിഭാഗത്തിൽ ആലുവ ഇടവകയിലെ രമ്യ ആൻ സഖറിയക്ക് മൂന്നാം സ്ഥാനം ലഭിച്ചു. കുടുംബങ്ങൾക്കായുള്ള വിഭാഗത്തിൽ ആലുവ ഇടവകയിലെ ആഷ്‌ലി ഷിബുവും കുടുംബവും ഒൻപതാം സ്ഥാനം നേടി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങളും സർട്ടിഫിക്കറ്റും നൽകി.

### ലോഗോസ് ക്വിസ് 2025

ലോഗോസ് ക്വിസ് 2025-ന്റെ രജിസ്ട്രേഷൻ 2025 ജൂൺ 1-ന് ആരംഭിച്ച് ജൂലൈ 31-ന് അവസാനിക്കുന്നതാണ്. ലോഗോസ് ക്വിസിന്റെ ഈ വർഷത്തെ പഠന വിഷയം :ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50, ലൂക്കാ 17-24, എഫേസോസ് 1-6.

# കൺവെൻഷൻ പ്രവർത്തന റിപ്പോർട്ട്

### ആറാമത് മൂവാറ്റുപുഴ ബൈബിൾ കൺവെൻഷൻ പ്രവർത്തന റിപ്പോർട്ട്

ആറാമത് മൂവാറ്റുപുഴ ബൈബിൾ കൺവെൻഷൻ 2025 ഫെബ്രുവരി മാസം 14,15,16 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ വാഴപ്പിള്ളി വിമലഗിരി ബിഷപ്പ് ഹൗസിനോട് ചേർന്ന് മാർ ഇവാനിയോസ് നഗറിൽ വച്ച് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ കൺവെൻഷന് നേതൃത്വം നൽകി. ദൈവാനുഭവത്തിന്റെ വലിയ സാക്ഷ്യമായി ഈ കൺവെൻഷൻ മാറി.

ബൈബിൾ കൺവെൻഷനു മുന്നോടിയായി 2025 ജനുവരി മാസം നാലാം തീയതി വിമലഗിരി ബിഷപ്പ് ഹൗസിൽ വച്ച് അഭിവന്ദ്യ

പിതാവിന്റെ അധ്യക്ഷതയിൽ മൂവാറ്റുപുഴ, പിറവം വൈദിക ജില്ലയിലെ വൈദികരെയും സന്യസ്ത പ്രതിനിധികളെയും ഇടവക ട്രസ്റ്റി, സെക്രട്ടറി എന്നിവരെയും ഉൾപ്പെടുത്തിക്കൊണ്ട് ആലോചനയോഗം നടന്നു. യോഗത്തിൽ വച്ച് കൺവെൻഷന്റെ ജനറൽ കൺവീനറായി ഭദ്രാസനത്തിന്റെ വികാരി ജനറാൾ ബഹുമാനപ്പെട്ട തോമസ് ഞാറക്കാട്ട് കോറോപ്പിസ്കോപ്പ അച്ചനെയും, കോ-കൺവീനേഴ്സ് ആയി ബഹുമാനപ്പെട്ട മദർ ജോസ്ന SIC-യെയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായ ശ്രീ.ചാക്കോ റ്റി.വർഗീസിനെയും തിരഞ്ഞെടുത്തു.

തുടർന്ന് കൺവെൻഷന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിന് ചെയർമാൻമാരെയും വൈസ് ചെയർമാൻമാരെയും തിരഞ്ഞെടുക്കുകയും ചെയ്തു.

ബൈബിൾ കൺവെൻഷന്റെ ഭാഗമായി മൂവാറ്റുപുഴ അരമനയോട് ചേർന്നുള്ള സീറോ മലബാർ, ലാറ്റിൻ ദൈവാലയങ്ങളിലെ ബഹുമാനപ്പെട്ട വൈദികരെയും, ആശ്രമ സുപ്പീരിയേഴ്സിനെയും, സന്യസ്തരെയും ഉൾപ്പെടുത്തിക്കൊണ്ട് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ അരമനയിൽ വച്ച് 27-03-2025-ൽ യോഗം വിളിച്ചു കൂട്ടുകയും കൺവെൻഷന്റെ വിജയത്തിനായി പ്രാർത്ഥനകൊണ്ടും സാന്നിധ്യംകൊണ്ടും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ കമ്മിറ്റികളുടെ യോഗങ്ങൾ വിളിച്ചു കൂട്ടുകയും ഓരോ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

ബൈബിൾ കൺവെൻഷന്റെ കാൽനാട്ടുകർമ്മം ഫെബ്രുവരി മാസം ഏഴാം തീയതി രാവിലെ 8.30-ന് അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

കൺവെൻഷന്റെ മുന്നോടിയായി 2025 ഫെബ്രുവരി മാസം പതിമൂന്നാം തീയതി കൺവെൻഷൻ പന്തലിൽ വച്ച് അഖണ്ഡ ബൈബിൾ പാരായണം നടത്തി. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെട്ടു.

എല്ലാ ദിവസവും വൈകുന്നേരം 4.30-ന് ജപമാലയോട് കൂടി ആരംഭിച്ച കൺവെൻഷൻ അഞ്ചുമണിക്ക് വിശുദ്ധ കുർബാന, തുടർന്ന് ഗാനശുശ്രൂഷ, ദൈവവചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ആശീർവാദം എന്നിവയ്ക്ക് ശേഷം 9 മണിയോടെ അവസാനിച്ചു.

കൺവെൻഷന്റെ ആദ്യദിനമായ ഫെബ്രുവരി മാസം പതിനാലാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4.30-ന് ജപമാലയോടു കൂടെ തുടക്കം കുറിച്ചു. ജപമാലക്ക് ശേഷം കോതമംഗലം രൂപതാ അധ്യക്ഷൻ അഭിവന്ദ്യ ഡോ. മാർ ജോർജ് മഠത്തികണ്ടതിൽ പിതാവ് സീറോ മലബാർ ക്രമത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവും അഭിവന്ദ്യ ജോർജ് മഠത്തികണ്ടത്തിൽ പിതാവും ചേർന്ന് ബൈബിൾ പ്രതിഷ്ഠ നടത്തുകയും കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

കൺവെൻഷന്റെ ആദ്യദിവസം പുതിയ നിയമ ജീവിതം എന്നാൽ കൃപാജീവിതം ആണെന്ന് ബഹുമാനപ്പെട്ട ഡാനിയേൽ അച്ചൻ ദൈവജനത്തെ ഉദ്ബോധിപ്പിച്ചു. ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രാർത്ഥന ദൈവത്തിന്റെ സ്വരം കേൾക്കാൻ വേണ്ടിയുള്ളതായിരിക്കണമെന്നും, ദൈവവചനം ഗൗരവമായി എടുക്കുന്ന കുടുംബങ്ങൾ മാത്രമേ നിലനിൽക്കുകയുള്ളൂ എന്നും അച്ചൻ ഓർമിപ്പിക്കുകയുണ്ടായി.

കൺവെൻഷന്റെ രണ്ടാം ദിവസമായ ഫെബ്രുവരി പതിനഞ്ചാം തീയതി ശനിയാഴ്ച, കോട്ടപ്പുറം രൂപതാ അധ്യക്ഷൻ അഭിവന്ദ്യ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് ലത്തീൻ ക്രമത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. കൺവെൻഷന്റെ സമാപന ദിവസമായ 16-ാം തീയതി ഞായറാഴ്ച മൂവാറ്റുപുഴ രൂപതാ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവ് മലങ്കര ക്രമത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി രൂപതാ സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ കൺവെൻഷൻ പന്തലിൽ ജപമാല പ്രാർത്ഥനയും ദൈവവചന പാരായണവും ദിവ്യകാരുണ്യ ആരാധനയും നടത്തുകയുണ്ടായി. ബൈബിൾ കൺവെൻഷനിൽ മൂവാറ്റുപുഴ രൂപതയുടെ മുൻ അധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് പിതാവിന്റെ സാന്നിധ്യവും സഹകരണവും എടുത്തു പറയേണ്ടതാണ്. ഭദ്രാസനത്തിൽപ്പെട്ട വിവിധ ഇടവകകളിൽ നിന്നുള്ള ദൈവജനത്തിന്റെ സാന്നിധ്യം മുൻകാലങ്ങളിലേക്കാൾ കൂടുതലായി ഉണ്ടായിരുന്നു. ഏകദേശം 3500 ഓളം ആളുകൾ എല്ലാ ദിവസവും കൺവെൻഷനിൽ പങ്കെടുത്തിരുന്നു. ഈ പ്രാവശ്യത്തെ കൺവൻഷ

സിൽ കരിമ്പ, കുന്നംകുളം, പീച്ചി ജില്ലയിൽ നിന്നുള്ള വൈദികരുടേയും ദൈവജനത്തിന്റേയും സഹകരണം ശ്ലാഘനീയമായിരുന്നു. മുൻവർഷങ്ങളിൽ എന്നപോലെ മൂവാറ്റുപുഴ, പിറവം മേഖലയിലുള്ള എല്ലാ വൈദിക ശ്രേഷ്ഠരുടെയും സഹകരണവും, സാന്നിധ്യവും കൺവെൻഷൻ ദിവസങ്ങളിൽ ഉണ്ടായിരുന്നു. വിവിധ കമ്മിറ്റികളും അവയ്ക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികരും അഭിവന്ദ്യ പിതാവിനോടും ജനറൽ കൺവീനർമാരോടും ചേർന്ന് അവരവരുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിറവേറ്റുകയുണ്ടായി. കൺവെൻഷന്റെ വിജയകരമായ നടത്തിപ്പിന് വളരെയേറെ സഹായം ചെയ്ത ബഹുമാനപ്പെട്ട വൈദികരോട് ചേർന്ന് ഇടവക ട്രസ്റ്റി, സെക്രട്ടറി കമ്മിറ്റി അംഗങ്ങൾ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും പ്രത്യേകിച്ച് മദർ ജോസ്നയുടെയും പ്രവർത്തനങ്ങളും സഹകരണവും എടുത്തുപറയേണ്ടതാണ്. കൺവെൻഷന്റെ അവസാനം രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് 7-ാം മൂവാറ്റുപുഴ ബൈബിൾ കൺവെൻഷന്റെ തീയതി 2026 ഫെബ്രുവരി 6,7,8 ദിവസങ്ങളിലാണെന്ന് അറിയിച്ചു.

## 6TH MUVATTUPUZHA BIBLE CONVENTION

| | | |
|---|---|---|
| **Patron** | : | His Excellency Most Rev.Dr.Yoohanon Mar Theodosius |
| **General Convener** | : | Rt. Rev. Thomas Njarakkatt Corepiscopo |
| **Co- Conveners** | : | Rev. MotherJosna SIC (Mother Provincial) |
| | | Mr. Chacko T Varghese (Pastoral Council) |
| **Intercessory Prayer** | : | Rev. Fr.Joby Kudilil |
| | : | Rev.Sr. Rani Maria SIC |
| | : | Rev. Sr. Liss Maria OSS |
| | : | Rev. Sr. Teresa Margrett DM |
| | : | Rev. Sr.Kripa SIC |
| | : | Rev. Sr.Smitha DM |
| | : | Rev. Sr.Vandana SIC |
| | : | Rev. Sr.Remya SIC |
| | : | Rev. Sr.Mrudula SIC |
| | : | Rev. Sr.Tomina SIC |
| | : | Mr. Joy Chiramukath |
| | : | Mr. Sunny Kunnatholil |
| | : | Mrs. Elsy Joy Chiramukath |

| | | |
|---|---|---|
| | : | Mrs. Mary Towers |
| | : | Mrs. Saley Thomas |
| | : | Mrs. Mary Kurian |
| | : | Mrs. Gracy Paulose |
| **Pubilicity & Prayer Cards:** | | Rev. Fr. Jose Kuttikeril |
| | : | Rev.Fr. Joseph Pannivizha |
| | : | Bro. Rijo Abraham |
| | : | Mr. Edison G Varghese |
| | : | Mr. Shibu Panachickal |
| | : | Mr. Ebeesh Koorappillil |
| **Finance** | **:** | V.Rev. Fr. Varghese Panthirayithadathil (Chairman) |
| | : | V. Rev. Fr. Thomas Attumalil (Vice- Chairman) |
| | : | V. Rev. Dr. Varghese Madathikunnath |
| | : | V. Rev. Fr. Paulose Kizhakinedath |
| | : | Rev. Frs. From Piravom & Muvattupuzha |
| | : | Mr. Chacko T Varghese |
| | : | Mr. T D Georgekutty |
| | : | Mr. Philip Kuriakose |
| | : | Mr. Stanley Varghese |
| | : | Mr. Jacob Njarakkatt |
| | : | Mr. Paul Kollinal |

**Pantal, Stage, Light, Sound & LED Wall:**

| | | |
|---|---|---|
| | : | Rev. Fr. Varghese Pandaramkudiyil |
| | : | Rev Fr. Varghese Kadamala |
| | : | Mr. Shibu Panachickal |
| | : | Mrs. Elsy Joy Chiramukath |
| | : | Mrs. Rani Binoy |
| | : | Mr. Kevin C Robin |
| | : | Mr. Thomas Baby |
| | : | Mr. M I Varghese |
| | : | Mr. Mathai Korappillil |
| | : | Mr. Paulose U.M |
| | : | Mr. Kunjumon P M |
| **Liturgy** | : | Rev. Fr. Mathew Kalarikalayil |
| | : | Rev. Fr. Varghese Puthoor |

| | | |
|---|---|---|
| | : | V. Rev. Fr. Jacob Keeyalil |
| | : | Mother Josna SIC |
| | : | Bethany Sisters |
| | : | DM Sisters |
| | : | Holy Spirit Sisters |
| | : | Bro. Rijo Abraham |
| | : | Bros. of Gurusannidhi Minor Seminary |
| **Reception** | : | Rev.Fr. John Makkapallil |
| | : | Rev. Sr. Sheba SIC |
| | : | Mr. Abin Wilson |
| | : | Ms. Alphonsa Shaji |
| | : | Mr. BlessonBiju |
| | : | Mr. SanalSanthosh |
| | : | Ms. Ann Susan |
| | : | Ms. Princy Peter |
| **Parking** | **:** | Rev. Fr. Robins Puthenpurackal |
| | : | Rev. Fr. Antony Venganilkunnathil |
| | : | Mr. Vineesh Kochery |
| | : | Mr. Binoy Kavummolan |
| | : | Mr. Anish Thankachan |
| | : | Mr. Kurian Eapen |
| | : | Mr. Thomas Elavumparambil |
| | : | Mr. Geevarghese Perumbavoor |
| | : | Mr. Seemon John |
| | : | Mr. Blesson Biju |
| | : | Mr. Sanal Santhosh |
| **Food & Drinking Water** | **:** | V. Rev. Fr. Thomas Attumalil |
| | : | Rev. Fr. Sabu Mulakukodiyil |
| | : | Rev. Sr. Preetha DM |
| | : | Ms. Treesa Mary Kurian |
| | : | Mr. Seemon John |
| | : | Mr. Deepu Mathew Kalamassery |
| | : | Mr. Austin Antony |
| | : | Mr. Kevin C Robin |
| | : | Mr. Georgekutty Pampakuda |

| | | |
|---|---|---|
| **Health** | **:** | V.Rev.Fr. Paulose Kizhekkenedath |
| | : | Rev. Sr. Joel SIC |
| | : | Dr. Rex |
| | : | Dr. Donna |
| **Media & Documentation** | **:** | Rev. Fr. Tony Kozhimannil (Chairman) |
| | : | V.Rev. Fr. Varghese Panthirayithadathil (Vice Chairman) |
| | : | Mr. Chacko T Varghese |
| | : | Mr. V C Georgekutty |
| | : | Mr. Shibu Panachickal |
| | : | Mr. Ebish Kurapilly |
| **Green Protocol** | : | Rev. Fr. Philip Erattamakkil |
| | : | MCMF Members |
| **People Mobilization** | **:** | Rev. Fr. Kuriakose Nellatu |
| | : | Rev. Fr. Saju Muttuthan |
| | : | Rev. Sr. Philo OSS |
| | : | Mr. Saji Peter Valakom |
| | : | Mr. Ansijin Perumbavoor |
| | : | Mr. Jibi M Paul |
| | : | Mr. Thomas Baby |
| | : | Mr. Britto Aluve |
| | : | Mr. Sunny Kunnatholil |
| **Law & Order** | **:** | Rev. Fr. Abraham Pulickan |
| **Volunteers** | **:** | V. Rev.Fr. Varghese Madathikunnath |
| | : | Rev. Fr. George Mankulam |
| | : | Rev. Fr. Saju Muttuthan |
| | : | Rev. Fr. Antony Venganilkunnathil |
| | : | Rev. Fr. Joseph Pannivizha |
| | : | Ms. Treesa Mary Kurian |
| | : | Mr. Seemon John |
| | : | Mr. Deepu Mathew Kalamassery |
| | : | Mr. Austin Antony |
| | : | Mr. Kevin C Robin |
| | : | Mr. Georgekutty Pampakuda |

## ORDINATION DAY WISHES DEAR FATHERS

| | |
|---|---|
| Rev. Fr. John Varghese Edayalikudiyil | April 1 |
| Rev. Fr. Robin Puthenpurackal | April 2 |
| Rev. Fr. James Cherivuparambil | April 3 |
| Rev. Fr. Kuriakose Karuthedath | April 3 |
| Rev. Fr. Kuriakose Kudilil | April 3 |
| Rev. Fr. Cherian Chennikkara | April 3 |
| Rev. Fr. Varghese Kunnumpuram | April 8 |
| Rev. Fr. George Maramkandam | April 9 |
| Rev. Fr. Michael Vadakkeveetil | April 9 |
| Rev. Fr. Philip Erattamakkil | April 9 |
| Rev. Fr. Varghese Panthirayithadathil | April 9 |
| Rev. Fr. Cyriac Vechoorkarottu | April 9 |
| Rev. Fr. Jacob Keeyalil | April 9 |
| Rev. Fr. Kuriakose Mambrakkatt | April 14 |
| Rev. Fr. Varghese Pandaramkudiyil | April 14 |
| Rev. Fr. Thomas Vettikattil | April 18 |
| Rev. Fr. Varghese Madathikkunnathu | April 18 |
| Rev. Fr. Paul Karamel Koickal | April 18 |
| Rev. Fr. Mathew Kattarumoolayil | April 18 |
| Rev. Fr. John Mankulam | April 19 |
| Rev. Fr. Varghese Kadamala | April 19 |
| Rev. Fr. Joseph Kudilil | April 23 |
| Rev. Fr. George Arackamyalil | April 23 |
| Rev. Fr. Mathew Muttathan | April 25 |
| Rev. Fr. Thomas Attumalil | April 25 |
| Rev. Fr. Mathew Arackal | April 25 |
| Rev. Fr. Babu Mandumpal | April 30 |
| Rev. Fr. Mathew Kurushuvila | May 3 |

## BIRTHDAY GREETINGS DEAR ABOON & FATHERS

| | |
|---|---|
| Rev. Fr. Cyriac Vechoorkarottu | May 5 |
| HE. Yoohanon Mar Theodosius | May 8 |
| Rev. Fr. Abraham Pulickal | May 8 |
| Rev. Fr. Antony Venganilkunnathil | May 12 |
| Rev. Fr. Varghese Thekkolickal | April13 |

| | |
|---|---|
| Rev. Fr. John Mankulam | April 20 |
| Rev. Fr. Thomas Vettikattil | April 21 |
| Rev. Fr. Babu Mandumpal | April122 |
| Rev. Fr. John Varghese Easwarankudiyil Cor. | April130 |
| Rev. Fr. Geevarghese Melepeedikayil | May 1 |
| Rev. Fr. Joseph Kappil | May 2 |
| Rev. Fr. John Varghese Edayalikudiyil | May10 |
| Rev. Fr. Kuriakose Mambrakkatt | May10 |
| Rev. Fr. Mathew Arackal | May17 |
| Rev. Fr. Varghese Puthoor | May18 |
| Rev. Fr. Mathew Kattarumoolayil | May 20 |
| Rev. Fr. Wilson Velikkakathu | May 22 |
| Rev. Fr. Kuriakose Mulakukodiyil | May 24 |
| Rev. Fr. Jacob Keeyalil | May 24 |
| HE. Abraham Mar Julios | May 25 |
| Rev. Fr. Job Kuzhuppully | May 25 |
| Rt. Rev. George Vadakan Corepiscopo | May 27 |
| Rev. Fr. George Maramkandam | May 30 |

**FESTAL GREETINGS DEAR ABOON & FATHERS**

| | |
|---|---|
| HE. Abraham Mar Julios | April 12 |
| Rev. Fr. George Arackamyalil | April 23 |
| Rev. Fr. Varghese Thekkolickal | April 23 |
| Rev. Fr. Varghese Panthirayithadathil | April 23 |
| Rev. Fr. Geevarghese Melepeedikayil | April 23 |
| Rev. Fr. Varghese Pandaramkudiyil | April 23 |
| Rev. Fr. Varghese Puthoor | April 23 |
| Rev. Fr. George Kayyanikal | April 23 |
| Rev. Fr. Varghese Kunnumpuram | April 23 |
| Rev. Fr. Varghese Madathikkunnathu | April 23 |
| Rev. Fr. George Maramkandam | April 23 |
| Rev. Fr. George Vadakan Corepiscopo | April 23 |
| Rev. Fr. Varghese Kadamala | April 23 |
| Rev. Fr. George Mankulam | April 23 |
| Rev. Fr. Job Kuzhuppully | May 10 |

## അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ ഹാശാ ആഴ്ചയിലെ ശുശ്രൂഷകളുടെ ക്രമീകരണം – 2025
## മൂവാറ്റുപുഴ വൈദിക ജില്ല

| | | | |
|---|---|---|---|
| 1. | **ഓശാന ഞായർ** | (13-04-2025) | സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളി, കുന്നക്കുരടി. |
| 2. | **വാദേ ദൽമീനോ** | 13-04-2025 | സെന്റ് ജോസഫ്സ് കത്തീഡ്രൽ, മൂവാറ്റുപുഴ. |
| 3. | **ഹാശാ തിങ്കൾ** | 14-04-2025 | സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് മലങ്കര കത്തോലിക്ക പള്ളി, തമ്മാനിമറ്റം. |
| 4. | **ഹാശാ ചൊവ്വ** | 15-04-2025 | സാൻതോം മലങ്കര കത്തോലിക്കാ പള്ളി, പെരുമ്പാവൂർ. |
| 5. | **ഹാശാ ബുധൻ** | 16-04-2025 | ദൈവമാതാ മലങ്കര കത്തോലിക്കാ പള്ളി, പോത്താനിക്കാട്. |
| 6. | **പെസഹാ & കാൽകഴുകൽ ശുശ്രൂഷ** | 17-04-2025 | സെന്റ് ജോസഫ്സ് കത്തീഡ്രൽ, മൂവാറ്റുപുഴ. |
| 7. | **ദുഃഖവെള്ളി** | 18-04-2025 | സെന്റ് ജെയിംസ് മലങ്കര കത്തോലിക്ക പള്ളി, പൂത്യക്ക. |
| 8. | **ദുഃഖശനി** | 19-04-2025 | സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളി, കോട്ടപ്പുറം. |
| 9. | **ഈസ്റ്റർ** | 20-04-2025 | സെന്റ് ജെയിംസ് മലങ്കര കത്തോലിക്കാ പള്ളി, പൂത്യക്ക. |

## FEAST DAY CONTRIBUTION- 2025
## ST. JOSEPH'S & ST CYRIL'S HSS MANGAD- 10,000

# അജപാലന സന്ദർശനം



വാളറ (16 – 03 – 2025 )



പാമ്പാക്കുട (23 – 03 – 2025 )



മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി കശ്ശീശോ പട്ടം

മൂവാറ്റുപുഴ രൂപതക്കുവേണ്ടി കശ്ശീശോ പട്ടം
സ്വീകരിച്ച നവവൈദികൻ
ഫാ.പൗലോസ് പരിയാരത്തിന്
ഭദ്രാസന കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ...